പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.838</u> <u>11-06-2014 - ൽ മറുപടിയ്ക്ക്</u>

## <u>പാലക്കാട് ജില്ലയിലെ കുളങ്ങളുടെ നവീകരണം</u>

| <u>ചോദ്യം</u><br>ശ്രീ. വി. ചെന്താമരാക്ഷൻ: | <u>മറുപടി</u><br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ; നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; | (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 8 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.<br><br>തൃത്താല - 2 എണ്ണം<br>പട്ടാമ്പി - 2 ''<br>മലമ്പുഴ - 1 ''<br>മണ്ണാർക്കാട് - 1 ''<br>ചിറ്റൂർ - 1 ''<br>പാലക്കാട് - 1 '' |
| (ബി) ഈ പദ്ധതി പ്രകാരം നിയമസഭാ മണ്ഡലങ്ങളിൽ നിന്ന് പ്രൊപ്പോസൽ ലഭിച്ച മുഴുവൻ കുളങ്ങളും നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ ; | (ബി) പ്രൊപ്പോസൽ ലഭിച്ച മുഴുവൻ കുളങ്ങളും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നവീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) പാലക്കാട് ജില്ലയിലെ കുളങ്ങളുടെ നവീകരണത്തിന് ആവശ്യമായ അടങ്കൽ തുക എത്രയാണ് ; നിലവിൽ സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) പാലക്കാട് ജില്ലയിലെ കുളങ്ങളുടെ നവീകരണത്തിന് ആവശ്യമായ അടങ്കൽ തുക 3114.00 ലക്ഷം രൂപയാണ്. ഇതിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 101.08 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.